**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** **29-08-2022 - ൽ മറുപടിയ്ക്ക്**

**വനമേഖലയിലെ ഔഷധസസ്യ കൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനമേഖലയിലെ ഔഷധസസ്യ കൃഷി വികസിപ്പിക്കുന്നതിനും അവയുടെ പരിപാലനത്തിനും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ദേശീയ ഔഷധ സസ്യബോർഡിന്റെ ധനസഹായത്തോടെ വനമേഖലയിൽ ഔഷധ സസ്യങ്ങളുടെ വ്യാപനത്തിനും പരിചരണത്തിനും വനാശ്രിതസമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി വിവിധ പ്രോജക്ടുകൾ വനംവകുപ്പ് നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | വനവിഭവങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ; ആയത് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വനവിഭവങ്ങൾ മിതമായ വിലയ്ക്ക് വിൽപ്പന നടത്തുവാൻ സൗകര്യം ഏർപ്പെടുത്തുമോയെന്നും വ്യക്തമാക്കുമോ; | (ബി) | TRIFED -ന്റെ ധനസഹായത്തോടെ Minimum Support Price for Minor Forest Produce (MSP for MFP), Van Dhan Vikas Kendra (VDVK) പോലുള്ള പദ്ധതികളിലൂടെയും, വനവികസന ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ചും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുകയും, ഉപകരണങ്ങൾ<br>വാങ്ങിക്കുകയും ചെയ്യുന്നു. വനസംരക്ഷണ സമിതി / ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികളിലെ അംഗങ്ങൾ ശാസ്ത്രീയമായ രീതിയിൽ വനവിഭവ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനം എന്നിവ നടത്തി വനവിഭവങ്ങൾ "വനശ്രീ" ഇക്കോഷോപ്പുകൾ മുഖേന വിൽപ്പന നടത്തിവരുന്നു. വനമേഖലയിൽ നിന്നും ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ദീർഘകാലം കേട് കൂടാതെ സൂക്ഷിക്കുവാനും, യന്ത്രങ്ങളുടെ സഹായത്താൽ കൂടുതൽ കാര്യക്ഷമതയോടു കൂടി മൂല്യവർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും ഇതുവഴി കഴിയുന്നുണ്ട്.<br><br>ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ വനശ്രീ കേന്ദ്രങ്ങളിലൂടെ വിറ്റഴിക്കുന്നത് വഴി വനാശ്രിതരായ ആദിവാസികളുടെ ജീവിതനിലവാര ഉയർച്ചയും, സാമ്പത്തിക സുരക്ഷിതത്വവുമാണ് ലക്ഷ്യം വയ്ക്കുന്നത്. നിലവിൽ MSP for MFP പദ്ധതി പ്രകാരം കേരളത്തിലെ 24 ഇനം വനവിഭവങ്ങൾക്ക് താങ്ങുവില നിശ്ചയിച്ചിട്ടുണ്ട്. വനാശ്രിത |

| | | | |
|---|---|---|---|
| | | | സമൂഹത്തിന് കൂടി ഗുണകരമാകുന്ന തരത്തിലുള്ള വിലനിലവാരമാണ് നിലവിൽ വനശ്രീ ഇക്കോഷോപ്പുകളിൽ പിന്തുടർന്നു വരുന്നത്. |
| (സി) | വനമേഖലകളിലെ വിനോദസഞ്ചാര സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) | വനമേഖലകളിലെ വിനോദസഞ്ചാര സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് പരിസ്ഥിതിക്ക് അനുയോജ്യമായ വിധം ഇക്കോടൂറിസം കേന്ദ്രങ്ങളുടെ പശ്ചാത്തല വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശക വാഹകശേഷി പഠനം നടത്തി വരുന്നുണ്ട്. ആയതിൻ പ്രകാരം പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തി ഇക്കോടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനും അതോടൊപ്പം സുരക്ഷാപഠനം (safety audit) നടത്തി സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലേക്ക് വരുന്ന വിദേശികളടക്കമുള്ള സന്ദർശകരെ ആകർഷിക്കുന്നതിലേയ്ക്കായി ട്രക്കിംഗ്, ബോട്ട് സർവ്വീസ്, മുള കൊണ്ടുള്ള ചങ്ങാടങ്ങൾ, താമസ സൗകര്യം, ഗൈഡുകളുടെ സഹായം, സന്ദർശകർക്ക് സൗകര്യ പ്രദമായ സമയം തിരഞ്ഞെടുത്ത് സന്ദർശനം നടത്തുന്നതിന് ഓൺലൈൻ ടിക്കറ്റ് ബുക്കിംഗ് മുതലായവ നടപ്പിലാക്കി വരുന്നു. കൂടാതെ കഫ്റ്റീരിയ, ടോയിലറ്റ് സംവിധാനങ്ങൾ, വിശ്രമ സങ്കേതങ്ങൾ തുടങ്ങിയവ പ്രകൃതിക്ക് അനുയോജ്യമാം വിധം സജ്ജീകരിച്ചിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള ബ്രോഷറുകൾ, ചിത്രങ്ങൾ അടങ്ങിയ ബുക്ക്‌ലെറ്റുകൾ മുതലായവയും സന്ദർശകർക്ക് ലഭ്യമാക്കുന്നുണ്ട്. അതാത് വനം ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ/മാനേജ്മെന്റ് പ്ലാൻ /ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയ്ക്കും 1980- ലെ ഫോറസ്റ്റ് (കൺസർവേഷൻ) ആക്റ്റിനും മറ്റ് വന നിയമങ്ങൾക്കും അനുസൃതമായിട്ടാണ് വനം വകുപ്പിനു കീഴിലുള്ള ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടത്തി വരുന്നത്. പ്രകൃതിയ്ക്കും വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്കും കോട്ടം തട്ടാത്ത രീതിയിലുള്ളതും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി ഉള്ളതുമായ പ്രവർത്തനങ്ങളാണ് വനം വകുപ്പിന്റെ ഇക്കോ ടൂറിസം പ്രോഗ്രാമുകളുടെ മുഖമുദ്ര. ടി പ്രോഗ്രാമുകളിലൂടെ വനാശ്രിത സമൂഹത്തിന് തൊഴിലും അതുവഴി ജീവനോപാധിയും പ്രദാനം ചെയ്യാൻ കഴിയുന്നു. |
| (ഡി) | സ്വകാര്യ ക്ഷേത്രങ്ങളോട് ചേർന്ന് നിലകൊള്ളുന്ന കാവുകൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വനംവകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ? | (ഡി) | സ.ഉ (സാധാ) നം. 485/16/വനം, തീയതി 24.12.2016 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിത എണ്ണം (സാധാരണായായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 കാവുകൾക്ക് ) കാവുകളുടെ പേര് വിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾക്ക് അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ പ്രകാരം വനം വകുപ്പുമായി ധാരണപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് അംഗീകരിച്ച സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള അടങ്കലിന്റെ 10 ശതമാനം തുക ആദ്യ ഗഡുവായി നൽകുകയും ചെയ്യുന്നു. ടി തുകയുടെ വിനിയോഗം ബന്ധപ്പെട്ട് സോഷ്യൽ ഫോറസ്ട്രി ഉദ്യോഗസ്ഥർ വിലയിരുത്തുകയും ബാക്കിതുക തുടർന്ന് നൽകുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ